റാവു ബഹദൂർ ടി. കെ. നായർ: അങ്ങിനെ ഒരാക്ഷേപം കിട്ടീട്ടില്ല.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: എന്നാൽ അങ്ങിനെ ആക്ഷേപമുണ്ടെന്നാണ എന്റെ അറിവ്. അങ്ങിനെക്കുറിച്ചന്വേഷിക്കാമൊ?

റാവു ബഹദൂർ ടി. കെ. നായർ: അന്വേഷിക്കാം.

Shabdai S. Kodar *(Nominated)* : Was not the drug control introduced in the State soon after the introduction of the drug control in Madras?

Rao Bahadur T. K. Nayar *(Minister for Public Healt)* : Yes.

Shabdai S. Kodar *(Nominated)* : May I know the reason why the Government has not removed the control here while it was removed in Madras?

റാവു ബഹദൂർ ടി. കെ. നായർ: മദ്രാസിൽ കൺട്രോൾ എടുത്തു കളഞ്ഞതിന്നുശേഷം അവിടെ ഉണ്ടായ അനുഭവത്തിൽനിന്ന ധാരാളം മരുന്നുകൾ കിട്ടാറാകുന്നതുവരെ ഈ കൺട്രോൾ ആവശ്യമാണെന്ന ബോദ്ധ്യം വന്നതിൽനിന്നാണ് ഇവിടത്തെ കൺട്രോൾ തുടന്നുകൊണ്ടു പോകുന്നതു.

Shabdai S. Kodar *(Nominated)* : Does the Government know that there are more drugs in British Cochin than you have in the whole of Cochin State?

റാവു ബഹദൂർ ടി. കെ. നായർ: Drugs ഉണ്ടായിരിക്കാം. അതിന്റെ വിലയെസംബന്ധിച്ചു കാര്യംകൂടി ആലോചിക്കണം. അതുംകൂടി അറിഞ്ഞിട്ടുമാത്രമേ സമാധാനം പറയാൻ നിവൃത്തിയുള്ളൂ.

Shabdai S. Kodar *(Nominated)* : Does the Government know that prices of drugs in British Cochin are comparatively cheaper than the prices prevailing in Cochin State?

Rao Bahadur T. K. Nayar *(Minister for Public Health)* : If that is a fact, it will be enquired into.

Shabdai S. Kodar *(Nominated)* : Will the Hon'ble Minister take it from me that a number of people from this State resort to British Cochin to purchase the drugs? I am making a statement of fact.

Rao Bahadur T. K. Nayar *(Minister for Public Health)* : I note it, Sir.

TRANSPORT OF PADDY

220. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെന്റു സദയം മറുപടി പറയുമൊ.—

(എ) തൃശ്ശിവപേരൂർ മില്ലുകളിലേക്കു നെല്ലു് ട്രാൻസ്പോർട്ടു ചെയ്യുന്നതിന്നു ചാക്കൊന്നിനു (൧൦ പറ) എത്ര നിരക്കുവെച്ചാണ കൊടുത്തുകൊണ്ടിരുന്നതു;

(ബി) ഈ ടെണ്ടർ വിളിച്ചു് ഏല്പിച്ചുകൊടുത്തതൊ ടെണ്ടർ ഇല്ലാതെ ഏല്പിച്ചുകൊടുത്തതൊ;

(സി) ഈ പഴയ നിരക്കു് അടുത്തകാലത്തു കൂട്ടുകയുണ്ടായിട്ടുണ്ടൊ;

(ഡി) എത്രയായിട്ടാണ കൂട്ടിയതു;

(ഇ) ഇപ്രകാരം കൂട്ടണമെന്ന ട്രാൻസ്പോർട്ടു നടത്തുന്ന പാർട്ടി ഗവണ്മെണ്ടിലേക്കു നിവേദനം ചെയ്തിട്ടുണ്ടൊ;

(എഫ്) വക്കീൽ മുഖേനയാണൊ നിവേദനം സമർപ്പിച്ചതു; അഥവാ വക്കീലിന്റെ വാദം കേൾക്കുകയുണ്ടായിട്ടുണ്ടൊ;

(ജി) ആരായിരുന്ന വക്കീലന്മാർ;

(എച്ച്) ആരുടെ അടുക്കലാണ വക്കീൽ വാദം നടത്തിയതു;

(ഐ) ഇപ്രകാരം കൂട്ടികൊടുത്തതുമൂലം പ്രതിവർഷം എത്ര സംഖ്യ ഗവണ്മെണ്ടിനു കൂടുതൽ ചിലവു വരുന്നുണ്ടു;

(ജെ) പ്രതിവർഷം ആകെ എത്ര ചാക്കു നെല്ലാണ ട്രാൻസ്പോർട്ടു ചെയ്യേണ്ടിവരുന്നതു?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

		ക.	ണ.	സ.
(എ)	പഴയന്നൂർ—തൃശ്ശിവപേരൂർ	൧	൫	൩½
	വടക്കാഞ്ചേരി—തൃശ്ശിവപേരൂർ	൧	൭	൧
	നെല്ലുവായ് കുന്നംകുളം—തൃശ്ശിവപേരൂർ	൦	൧ ൪	൧
	തൃശ്ശിവപേരൂർ മണ്ടകൻ	൧	൦	൧½
	തൃശ്ശിവപേരൂർ പഞ്ച (കോഠം)	൦	൧൩	൧ ൦½

(ബി) ടെണ്ടർ വിളിച്ചു കൊടുത്തു.

(സി) ഇല്ല; പക്ഷെ വടക്കാഞ്ചേരിയിൽ നിന്നും തൃശ്ശിവപേരൂരെ മില്ലുകളിലേക്ക് ട്രാൻസ്പോർട്ട് ചെയ്യേണ്ടതിലേക്കുണ്ടായിരുന്ന നിരക്കുകൾ വ്യത്യാസപ്പെടുത്തി പൊതുവായി ൧ ൦ പറക്ക് മട്ട ഉറപ്പിക എന്നാക്കിയിട്ടുണ്ട്.

(ഡി) സി. യുടെ ഉത്തരം നോക്കുക.

(ഇ) റെയിറവ കൂട്ടി കൊടുക്കുകയൊ ൧ ൦ പറക്ക് ൧ ക. ര ണ. പൊതു നിരക്കായി അനുവദിക്കുകയൊ ചെയ്യണമെന്ന് കരാറുകാരന്റെ അപേക്ഷയുണ്ടായിട്ടുണ്ട്.

(എഫ്) അല്ലാ; ഇല്ലാ.

(ജി) എഫ് നോക്കുക.

(എച്ച്) ടി

(ഐ) കൂട്ടികൊടുത്തിട്ടില്ല. കൂടുതൽ ചിലവു വരുമെന്നു പ്രതീക്ഷിക്കുന്നുമില്ല.

(ജെ) ഓരോ കൊല്ലത്തേയും വിളവനുസരിച്ചു വാങ്ങുന്ന നെല്ലിന്റെ തുക അനുസരിച്ചിരിക്കും.

AYURVEDIC HOSPITAL—INSTALLATION OF

221. ചൌധരി ജി. എസ്സ്. ധാരാസിംഗ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഗവണ്മെണ്ടു ദയവായി മറുപടി പറയുമൊ.—

നെടുങ്ങാട്ട് മട്ട ആയുർവ്വേദവൈദ്യശാല സ്ഥാപിച്ചു തരണമെന്നു കാണിച്ചു വല്ല അപേക്ഷകളും മറ്റാരാ ഗവണ്മെണ്ടിനു കിട്ടിയിട്ടുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ: ഇല്ല.

MR. M. J. ISSAC—RESIGNATION OF

222. മിസ്റ്റർ കെ. എ. രാഘവൻ: താഴെ എഴുതുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) മിസ്റ്റർ എം. ജെ. ഐസക്കിനെ അദ്ദേഹം കുറ്റം അറിവുണ്ടായതുകൊണ്ടൊ അഥവാ മറ്റു വല്ല കാരണത്താലൊ ശിക്ഷിക്കാതെ രാജിവെക്കുവാൻ അനുവദിച്ചുവൊ;

(ബി) ഇദ്ദേഹത്തിന്റെ പേരിൽ തെളിഞ്ഞതുപോലെയുള്ള കുറ്റങ്ങൾക്കു മറ്റാരെയെങ്കിലും ഇപ്രകാരം വെറുതെ പോകുവാൻ അനുവദിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) അന്വേഷണത്തിൽനിന്നും അറിഞ്ഞ കുറ്റങ്ങൾക്കു മിസ്റ്റർ ഐസക്കിനെ ശിക്ഷിച്ചു.

(ബി) കുറ്റങ്ങൾക്കു ശിക്ഷ കൊടുക്കാതെ ആരെയും വെറുതെ വിട്ടിട്ടില്ല; വിടാറുമില്ല.

മിസ്റ്റർ കെ. എ. രാഘവൻ: അന്വേഷണത്തിൽനിന്ന് അറിഞ്ഞ കുറ്റങ്ങളെന്തൊക്കെയാണ്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: മിസ്റ്റർ ഐസക്കിന്റെ പേരിൽ Anonymous petition ഉണ്ടായിരുന്നു. അതിനെക്കുറിച്ചന്വേഷിച്ചു. അപ്പോൾ കണ്ട ചില കുറ്റങ്ങൾ കൊണ്ടു സസ്പെൻഡിൽ നിറുത്തി. പിന്നീടുള്ള കൂടുതൽ അന്വേഷണത്തിൽനിന്നും സ്റ്റാൻഡിംഗ് ഓർഡർ അനുസരിച്ചു ശിക്ഷിക്കത്തക്ക കുറ്റങ്ങളൊന്നുമില്ലെന്നു തെളിഞ്ഞതുകൊണ്ട് അദ്ദേഹത്തിന്റെ അപേക്ഷയനുസരിച്ചു ജോലിയിൽനിന്ന് ഒഴിവാക്കി.

LIBRARY ARCHIVES Kerala Legislative Assembly